LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേറ്റ് വൽക്കരണം

23 (1384) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഫെഡറൽ സംവിധാനത്തെ ഹനിക്കുന്ന തരത്തിൽ വിവിധ മേഖലകളിൽ നിയമനിർമ്മാണം നടത്തുന്നതുമൂലം ഉയർന്നുവരുന്ന പ്രക്ഷോഭങ്ങൾ നിരീക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാ ബാങ്കുകളിൽ കോർപ്പറേറ്റ് വൽക്കരണം ത്വരിതപ്പെടുത്തുന്നതുപോലെ സഹകരണ ബാങ്കുകളുടെ പ്രവർത്തനം ദുർബലപ്പെടുത്തുന്നതിനുമുള്ള നീക്കമാണ് സഹകരണ മന്ത്രാലയം രൂപീകരണത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നതെന്ന ആശങ്ക ഗൗരവമായി കാണുന്നുണ്ടോ; വിശദീകരിക്കുമോ;

&

(സി) സംസ്ഥാനത്തെ സഹകരണ മേഖലയുടെ സുഗമമായ പ്രവർത്തനവും ഗ്രാമീണജനതയുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്ന പ്രക്രിയയും തകിടം മറിയുമെന്നതിനാൽ സഹകരണ രംഗത്തെ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഒഴിവാക്കാൻ ആവശ്യപ്പെടുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് രൂപീകരിച്ചത് പ്രത്യേകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തി മാത്രമേ ഒരു നിലപാട് സ്വീകരിക്കാൻ കഴിയൂ. എന്നാൽ ബാങ്കിംഗ് നിയമത്തിലെ പല വ്യവസ്ഥകളും സഹകരണ ബാങ്കുകൾക്കും ബാധകമാക്കിയതുമൂലം സഹകരണ ബാങ്കിംഗ് രംഗത്ത് പ്രതിസന്ധികൾ നേരിടുന്നുണ്ട്. പ്രതിസന്ധി മറികടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പരിസ്ഥിതി സൗഹൃദ പൊതുഗതാഗതം

24 (1385) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ബസ്, ഓട്ടോ, ടാക്സി ഉൾപ്പെടെയുള്ള പൊതു ഗതാഗത സംവിധാനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

&

(ബി) ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിവിധ ഘട്ടങ്ങൾ വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരത്തിനായി പ്രത്യേക പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

സി.ആർ.ഇസഡ്. നിയമത്തിൽ ഇളവ്

25 (1386) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ 2011-ലെ സി.ആർ.ഇസഡ്. നിയമത്തിൽ ഇളവ് നൽകാൻ നടപടികളായിട്ടുണ്ടോ;

(ബി) ഭൂമി ശാസ്ത്രഘടന പരിഗണിച്ച് ദ്വീപ് പഞ്ചായത്തായ വലിയപറമ്പ് ദ്വീപ് നിവാസികൾക്ക് ഭൂനിയമത്തിൽ ഇളവ് നൽകാൻ നടപടികൾ ഉണ്ടാകുമോ;

&

(സി) പ്രസ്തുത പ്രദേശം 2020-ൽ ഇറക്കിയ ഭേദഗതി നിർദ്ദേശത്തിൽ ഉൾപ്പെടാത്ത പ്രദേശമായതിനാൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് വീട് വയ്ക്കാനും മറ്റും ഇളവുകൾ നൽകുമോയെന്ന് വ്യക്തമാക്കുമോ?

2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly